©
കേരള സർക്കാർ
Government of Kerala
2020

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2020 ആഗസ്റ്റ് 18<br>18th August 2020<br>1196 ചിങ്ങം 2<br>2nd Chingam 1196<br>1942 ശ്രാവണം 27<br>27th Sravana 1942 | നമ്പർ<br>No. | 33 |

## PART III
# Co-operative Department

### ക്ലെയിം നോട്ടീസ്

നമ്പർ എ.ഇ.എൽ. 5539/2015. 2020 ജൂലൈ 14.

കൊല്ലം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) അവർകളുടെ 10-2-2015-ലെ സി.ആർ.പി. 359/2015-ലെ ഉത്തരവ് പ്രകാരം ക്യൂ. 501-ാം നമ്പർ അച്ചൻകോവിൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തത്തിന്റെ പ്രവർത്തനം സമാപ്തീകരിച്ചിട്ടുള്ളതും ടി സംഘത്തിന്റെ ലിക്വിഡേറ്ററായി പുനലൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ പുനലൂർ യൂണിറ്റ് ഇൻസ്പെക്ടറെ നിയമിച്ച് ഉത്തരവാകുകയും ചെയ്തിട്ടുള്ളതാണ്. ആയതിനാൽ ടി സംഘത്തിൽ നിന്നും ആർക്കെങ്കിലും എന്തെങ്കിലും തുക കിട്ടാനുണ്ടെങ്കിൽ ആ വിവരം ഈ നോട്ടീസ് പരസ്യപ്പെടുത്തിയ തീയതി മുതൽ രണ്ടുമാസത്തിനകം എന്നെ നേരിട്ടോ ചുമതലപ്പെടുത്തിയ ഏജന്റ് മുഖാന്തിരമോ അറിയിക്കേണ്ടതാണെന്നുള്ള വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

(ഒപ്പ്)
ലിക്വിഡേറ്റർ,
ക്യൂ 501-ാം നമ്പർ
അച്ചൻകോവിൽ സർവ്വീസ്
സഹകരണ ബാങ്ക് ക്ലിപ്തം,
പുനലൂർ യൂണിറ്റ് ഇൻസ്പെക്ടർ.

പുനലൂർ.

### വയനാട് ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിക്കുന്ന ഉത്തരവ്

(ഹാജർ: എം. സജീർ)

(1)

നമ്പർ എ.ഇ.എൽ./984/2020. 2020 ജൂലൈ 7.

വിഷയം:—സഹകരണ വകുപ്പ്—അഞ്ചുകുന്ന് പൗൾട്രി ഫാം പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡബ്ലിയു. 132—സമാപ്തീകരണ ഉത്തരവ് പുറപ്പെടുവിക്കുന്നത് —സംബന്ധിച്ച്.

സൂചന:—(1) മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 17-3-2020-ലെ പി/827/2017 (33) നമ്പർ കത്തും വകുപ്പ് 66 പ്രകാരമുള്ള റിപ്പോർട്ടും.

(2) ഈ ആഫീസിലെ 11-5-2020-ലെ ഇതേ നമ്പർ രജിസ്ട്രേഡ് നോട്ടീസുകൾ.

മാനന്തവാടി താലൂക്കിൽ അഞ്ചുകുന്ന് ആസ്ഥാനമായി പ്രവർത്തിച്ചുവന്നിരുന്ന അഞ്ചുകുന്ന് പൗൾട്രി ഫാം പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം

നമ്പർ ഡബ്ലിയു. 132 നിരവധി വർഷങ്ങളായി പ്രവർത്തന രഹിതമായതിനെ തുടർന്ന് മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 25-9-2019-ലെ എം/827/2017 (33) നമ്പർ ഉത്തരവ് പ്രകാരം സഹകരണ നിയമം വകുപ്പ് 66 പ്രകാരമുള്ള ഒരു പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ആ ആഫീസിലെ പനമരം യൂണിറ്റ് ഇൻസ്പെക്ടറെ നിയോഗിച്ചിരുന്നു. അത് പ്രകാരം യൂണിറ്റ് ഇൻസ്പെക്ടർ പരിശോധന നടത്തി സൂചന (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ടിൽ സംഘം യാതൊരു പ്രവർത്തനങ്ങളും നടത്തുന്നില്ലായെന്നും സംഘത്തിൽ അവസാനമായി തെരഞ്ഞെടുപ്പ് നടത്തിയത് 10-5-1993 -നാണെന്നും ആനി കാക്കനാട്ട് മുതൽ 9 പേരെ തെരെഞ്ഞെടുത്തുവെന്നും ടി ഭരണ സമിതി അംഗങ്ങൾക്ക് സംഘം സംബന്ധിച്ച് മുഴുവൻ റിക്കാർഡുകൾ സഹിതം പരിശോധന ഉദ്യോഗസ്ഥൻ മുമ്പാകെ ഹാജരാകുന്നതിന് നിർദ്ദേശിച്ച് നോട്ടീസ് നൽകിയതിൽ കുറച്ച് പേർ ഹാജരായി മൊഴി നൽകിയതിൽ ഭരണസമിതി അംഗമാണെന്നോ സംഘം പ്രവർത്തിച്ചതോ അറിഞ്ഞിരുന്നില്ല എന്നും മൊഴി നൽകിയെന്നും സംഘത്തിന് ഇപ്പോൾ ഭരണ സമിതിയോ ജീവനക്കാരോ ആഫീസോ ഇല്ല എന്നും നിലവിൽ യാതൊരു പ്രവർത്തനങ്ങളും നടത്തുന്നില്ല എന്നും സംഘത്തിൽ നാളിതുവരെ ആഡിറ്റും നടത്തിയിട്ടില്ല എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഇപ്പോൾ യാതൊരു പ്രവർത്തനവും ഇല്ലാത്ത ടി സംഘം പുനരുജ്ജീവിപ്പിക്കാൻ യാതൊരു സാധ്യതയും ഇല്ലാത്ത സാഹചര്യമാണ് ഉള്ളതെന്നും ആയതിനാൽ ടി സംഘം സമാപ്തീകരിക്കുന്നതാണ് ഉചിതമെന്നും അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ടിന്റെ വെളിച്ചത്തിൽ അഞ്ചുകുന്ന് പൗൾട്രി ഫാം പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡബ്ലിയു. 132 സമാപ്തീകരണ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് മാനന്തവാടി അസി. രജിസ്ട്രാർ (ജനറൽ) സൂചന (1) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്. സംഘം സമാപ്തീകരിക്കുവാൻ വല്ല ആക്ഷേപവും ഉണ്ടെങ്കിൽ ആയത് ബോധിപ്പിക്കുന്നതിന് ധനസഹായ ബാങ്കായ മുൻ ജില്ലാ സഹകരണ ബാങ്ക് (ഇപ്പോൾ കേരള സഹകരണ ബാങ്ക്) നോടും മാനന്തവാടി സർക്കിൾ സഹകരണ യൂണിയനോടും അഭിപ്രായം ആരാഞ്ഞ് കൊണ്ട് സൂചന (2) പ്രകാരം നോട്ടീസ് നൽകിയിരുന്നതും എന്നാൽ ടി നോട്ടീസ് പ്രകാരം യാതൊരു മറുപടിയും ലഭ്യമായിട്ടില്ലാത്തതുമാണ്. മേൽ സാഹചര്യത്തിൽ താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ഉത്തരവ്

1969-ലെ സഹകരണ നിയമം വകുപ്പ് 71(1) പ്രകാരം അഞ്ചുകുന്ന് പൗൾട്രി ഫാം പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡബ്ലിയു. 132-ന്റെ പ്രവർത്തനം സമാപ്തീകരണ നടപടികൾ സ്വീകരിക്കുന്നതിന് സഹകരണ നിയമം 72 (1) പ്രകാരം മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ പനമരം യൂണിറ്റ് ഇൻസ്പെക്ടറെ സംഘം ലിക്വിഡേറ്റർ ആയി നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ ചുമതല ഏൽക്കുന്ന കാലത്തെ സംഘത്തിന്റെ കടധനപ്പട്ടിക തയ്യാറാക്കേണ്ടതും സംഘത്തിലെ സകല മുതലുകളും റിക്കാർഡുകളും ഏറ്റെടുക്കേണ്ടതും ഏറ്റെടുത്ത മുതലുകളുടെയും റിക്കാർഡുകളും പട്ടികയുടെ ഒരു പകർപ്പ് ഈ ആഫീസിൽ സമർപ്പിക്കേണ്ടതും ലിക്വിഡേറ്റർ ഈ ഉത്തരവ് തീയതി മുതൽ 6 മാസത്തിനകം സമാപ്തീകരണ നടപടികൾ പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

(2)

നമ്പർ എ.ഇ.എൽ./986/2020. 2020 ജൂലൈ 7.

വിഷയം:—സഹകരണ വകുപ്പ്—കരിമ്പിൽ എസ്.സി/ എസ്.റ്റി. ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡബ്ലിയു. 192— സമാപ്തീകരണ ഉത്തരവ് പുറപ്പെടുവിക്കുന്നത് — സംബന്ധിച്ച്.

സൂചന:—(1) മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 7-3-2020-ലെ പി/827/2017 (27) നമ്പർ കത്തും വകുപ്പ് 66 പ്രകാരമുള്ള റിപ്പോർട്ടും.

(2) ഈ ആഫീസിലെ 14-5-2020-ലെ ഇതേ നമ്പർ രജിസ്ട്രേഡ് നോട്ടീസുകൾ.

മാനന്തവാടി താലൂക്കിൽ പനമരം കരിമ്പിൽ ആസ്ഥാനമായി രൂപീകൃതമായ കരിമ്പിൽ എസ്. സി./എസ്. റ്റി. ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡബ്ലിയു. 192 നിരവധി വർഷങ്ങളായി പ്രവർത്തന രഹിതമായതിനെ തുടർന്ന് മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 25-9-2019-ലെ എം/827/2017 (31) നമ്പർ ഉത്തരവ് പ്രകാരം സഹകരണ നിയമം വകുപ്പ് 66 പ്രകാരമുള്ള ഒരു പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ആ ആഫീസിലെ പനമരം യൂണിറ്റ് ഇൻസ്പെക്ടറെ നിയോഗിച്ച് ഉത്തരവായിരിക്കുന്നു. അന്വേഷണ ഉദ്യോഗസ്ഥൻ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അത് പ്രകാരം സംഘം യാതൊരു പ്രവർത്തനങ്ങളും നടത്തുന്നില്ല എന്നും സംഘത്തിൽ അവസാനമായി തെരഞ്ഞെടുപ്പ് നടത്തിയത് 20-7-1995-നാണെന്നും ടി തെരഞ്ഞെടുപ്പിൽ എൻ. ആർ. അണ്ണൻ മുതൽ 9 പേർ തെരഞ്ഞെടുക്കപ്പെട്ടിരുന്നു വെന്നും മേൽ പറഞ്ഞ ഭരണ സമിതിയംഗങ്ങൾക്ക് നേരിട്ട് ഹാജരായി തെളിവ് നൽകാൻ പരശോധനാ ഉദ്യോഗസ്ഥൻ നോട്ടീസ് നൽകിയെങ്കിലും ആയതിൽ കെ. ശ്രീധരൻ, എൻ. ആർ. അണ്ണൻ എന്നിവർ ഹാജരായി മൊഴി നൽകിയതിൽ 1995-98-ന് ശേഷം ഭരണസമിതി ചുമതല ഏറ്റിട്ടുണ്ടെന്നും സംഘത്തിന് സ്ഥിരം സെക്രട്ടറി നിലവിലുണ്ടായിരുന്നുവെന്നും സർക്കാർ ധനസഹായം ലഭിച്ചിട്ടുണ്ട് എന്നും സംഘത്തിന്റെ പേരിൽ കരിമ്പിൽ എന്ന സ്ഥലത്ത് 35 സെന്റ് സ്ഥലവും കെട്ടിടവും ഉണ്ട് എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മാനന്തവാടി ആഡിറ്റ് അസി. രജിസ്ട്രാർ നൽകിയ കത്ത് പ്രകാരം സംഘത്തിൽ 2016-17 വരെയുള്ള ആഡിറ്റ് നടത്തിയിട്ടുണ്ട് അത് പ്രകാരം ₹ 84,000 ഓഹരിയിനത്തിലും ₹ 5,55,000 സർക്കാർ സബ്സിഡി, ഗ്രാന്റ് ഇനത്തിലും ബാക്കി നിൽപ്പുണ്ട് എന്നും നിലവിൽ യാതൊരു പ്രവർത്തനങ്ങളും നടത്തുന്നില്ല എന്നുള്ള കാര്യവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അപ്രകാരം പ്രവർത്തിക്കാത്ത ടി സംഘം പുനരുജ്ജീവിപ്പിക്കാൻ യാതൊരു സാധ്യതയും ഇല്ലാത്ത സാഹചര്യമാണ് ഉള്ളതെന്നും ആയതിനാൽ ടി സംഘം സമാപ്തീകരിക്കുന്നതാണ് ഉചിതമെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കരിമ്പിൽ എസ്. സി/എസ്. റ്റി. ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡബ്ളിയു 192 സമാപ്തീകരണ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്. സംഘം സമാപ്തീകരിക്കാൻ വല്ല ആക്ഷേപവും ഉണ്ടെങ്കിൽ ആയത് ബോധിപ്പിക്കുന്നതിന് ധനസഹായ ബാങ്കായ മുൻ ജില്ലാ സഹകരണ ബാങ്ക് (ഇപ്പോൾ കേരള സഹകരണ ബാങ്ക്)-നോടും മാനന്തവാടി സർക്കിൾ

സഹകരണ യൂണിയനോടും അഭിപ്രായം ആരാഞ്ഞ് കൊണ്ട് സൂചന (2) പ്രകാരം നോട്ടീസ് നൽകിയിരുന്നു. എന്നാൽ ആയതിന് നാളിതുവരെ യാതൊരു മറുപടികളും ലഭ്യമായിട്ടില്ല. മേൽ സാഹചര്യത്തിൽ താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ്**

1969-ലെ സഹകരണ നിയമം വകുപ്പ് 71(1) പ്രകാരം കരിമ്പിൽ എസ്. സി./എസ്. റ്റി. ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡബ്ളിയു. 192-ന്റെ പ്രവർത്തനം സമാപ്തീകരണ നടപടികൾ സ്വീകരിക്കുന്നതിന് സഹകരണ നിയമം 72 (1) പ്രകാരം മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ പനമരം യൂണിറ്റ് ഇൻസ്പെക്ടറെ സംഘം ലിക്വിഡേറ്റർ ആയി നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ ചുമതല ഏൽക്കുന്ന കാലത്തെ സംഘത്തിന്റെ കടധനപ്പട്ടിക തയ്യാറാക്കേണ്ടതും സംഘത്തിലെ സകല മുതലുകളും റിക്കാർഡുകളും ഏറ്റെടുക്കേണ്ടതും ഏറ്റെടുത്ത മുതലുകളുടെയും റിക്കാർഡുകളും പട്ടികയുടെ ഒരു പകർപ്പ് ഈ ആഫീസിൽ സമർപ്പിക്കേണ്ടതും ലിക്വിഡേറ്റർ ഈ ഉത്തരവ് തീയതി മുതൽ 6 മാസത്തിനകം സമാപ്തീകരണ നടപടികൾ പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

(3)

നമ്പർ എ.ഇ.എൽ./987/2020. 2020 ജൂലൈ 7.

വിഷയം:—സഹകരണ വകുപ്പ്—പനമരം പൗൾട്രി ഫാം പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡബ്ളിയു. 149—സമാപ്തീകരണ ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 7-3-2020-ലെ പി/827/2017 (31) നമ്പർ കത്തും വകുപ്പ് 66 പ്രകാരമുള്ള റിപ്പോർട്ടും.

(2) ഈ ആഫീസിലെ 14-5-2020-ലെ ഇതേ നമ്പർ രജിസ്ട്രേഡ് നോട്ടീസുകൾ.

മാനന്തവാടി താലൂക്കിൽ പനമരം ആസ്ഥാനമായി രൂപീകൃതമായ പനമരം പൗൾട്രി ഫാം പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡബ്ളിയു. 149-നിരവധി വർഷങ്ങളായി പ്രവർത്തന രഹിതമായതിനെ തുടർന്ന് മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)-ടെ 25-9-2019-ലെ എം/827/2017 (31) നമ്പർ ഉത്തരവ് പ്രകാരം സഹകരണ നിയമം വകുപ്പ് 66 പ്രകാരമുള്ള ഒരു പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ആ ആഫീസിലെ പനമരം യൂണിറ്റ് ഇൻസ്പെക്ടറെ നിയോഗിച്ച് ഉത്തരവായിരിക്കുന്നു. അന്വേഷണ ഉദ്യോഗസ്ഥൻ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ടിൽ സംഘം യാതൊരു പ്രവർത്തനങ്ങളും നടത്തുന്നില്ല എന്നും സംഘത്തിൽ അവസാനമായി തെരഞ്ഞെടുപ്പ് നടത്തിയത് 20-6-1993 നാണെന്നും ടി തെരഞ്ഞെടുപ്പിൽ അണ്ണൻ സി. സി. മുതൽ 9 പേർ തെരഞ്ഞെടുക്കപ്പെട്ടിരുന്നുവെന്നും പിന്നീട് ടി ഭരണ സമിതിയുടെ കാലാവധിക്ക് ശേഷം യാതൊരു ഭരണ സമിതിയോ അഡ്മിനിസ്ട്രേറ്റർ ഭരണമോ ഉണ്ടായിട്ടില്ല എന്നും സംഘത്തിന് ആഫീസോ ജീവനക്കാരോ ഇല്ല എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ പറഞ്ഞ ഭരണ സമിതിയംഗങ്ങൾ നേരിട്ട് ഹാജരായി തെളിവ് നൽകാൻ നോട്ടീസ് നൽകിയിരുന്നുവെങ്കിലും ആരും തന്നെ ഹാജരായി തെളിവ് നൽകിയില്ല. മാനന്തവാടി ആഡിറ്റ് അസി. രജിസ്ട്രാർ നൽകിയ കത്ത് പ്രകാരം സംഘത്തിൽ 2015-16 വരെയുള്ള ആഡിറ്റ് നടത്തിയിട്ടുണ്ട് എന്നും അത് പ്രകാരം ₹ 28,450 ഓഹരി ബാക്കി നിൽപ്പുണ്ട് എന്നും നിലവിൽ യാതൊരു പ്രവർത്തനങ്ങളും നടത്തുന്നില്ല എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അപ്രകാരം പ്രവർത്തിക്കാത്ത ടി സംഘം പുനരുജ്ജീവിപ്പിക്കാൻ യാതൊരു സാധ്യതയും ഇല്ലാത്ത സാഹചര്യമാണ് ഉള്ളതെന്നും ആയതിനാൽ ടി സംഘം സമാപ്തീകരിക്കുന്നതാണ് ഉചിതമെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പനമരം പൗൾട്രി ഫാം പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡബ്ളിയു. 149 സമാപ്തീകരണ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ സംഘം സമാപ്തീകരിക്കാൻ വല്ല ആക്ഷേപവും ഉണ്ടെങ്കിൽ ആയത് ബോധിപ്പിക്കുന്നതിന് ധനസഹായ ബാങ്കായ മുൻജില്ലാ സഹകരണ ബാങ്ക് (ഇപ്പോൾ കേരള സഹകരണ ബാങ്ക്) നോടും മാനന്തവാടി സർക്കിൾ സഹകരണ യൂണിയനോടും അഭിപ്രായം ആരാഞ്ഞ് കൊണ്ട് നോട്ടീസ് സൂചന (2) പ്രകാരം നൽകിയിരുന്നു. എന്നാൽ ആയതിന് നാളിതുവരെ യാതൊരു മറുപടികളും ലഭ്യമായിട്ടില്ല. മേൽ സാഹചര്യത്തിൽ താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ്**

1969-ലെ സഹകരണ നിയമം വകുപ്പ് 71(1) പ്രകാരം പനമരം പൗൾട്രി ഫാം പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡബ്ളിയു. 149-ന്റെ പ്രവർത്തനം സമാപ്തീകരണ നടപടികൾ സ്വീകരിക്കുന്നകിന് സഹകരണ നിയമം 72 (1) പ്രകാരം മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ പനമരം യൂണിറ്റ് ഇൻസ്പെക്ടറെ സംഘം ലിക്വിഡേറ്റർ ആയി നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ ചുമതല ഏൽക്കുന്ന കാലത്തെ സംഘത്തിന്റെ കടധനപ്പട്ടിക തയ്യാറാക്കേണ്ടതും സംഘത്തിലെ സകല മുതലുകളും റിക്കാർഡുകളും ഏറ്റെടുക്കേണ്ടതും ഏറ്റെടുത്ത മുതലുകളുടെയും റിക്കാർഡുകളും പട്ടികയുടെ ഒരു പകർപ്പ് ഈ ആഫീസിൽ സമർപ്പിക്കേണ്ടതും ലിക്വിഡേറ്റർ ഈ ഉത്തരവ് തീയതി മുതൽ 6 മാസത്തിനകം സമാപ്തീകരണ നടപടികൾ പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

(4)

നമ്പർ എ.ഇ.എൽ./985/2020. 2020 ജൂലൈ 7.

വിഷയം:—സഹകരണ വകുപ്പ്—വെള്ളമുണ്ട റബ്ബർ & അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡബ്ളിയു. 144 സമാപ്തീകരണ ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 7-3-2020-ലെ പി/827/2017 (30) നമ്പർ കത്തും വകുപ്പ് 66 പ്രകാരമുള്ള റിപ്പോർട്ടും.

(2) ഈ ആഫീസിലെ 11-5-2020-ലെ ഇതേ നമ്പർ രജിസ്ട്രേഡ് നോട്ടീസുകൾ.

മാനന്തവാടി താലൂക്കിൽ വെള്ളമുണ്ട ആസ്ഥാനമായി രൂപീകരിച്ച വെള്ളമുണ്ട റബ്ബർ & അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡബ്ളിയു. 144 നിരവധി വർഷങ്ങളായി പ്രവർത്തന രഹിതമായതിനെ തുടർന്ന് മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 25-9-2019-ലെ എം/827/2017 (30) നമ്പർ ഉത്തരവ് പ്രകാരം സഹകരണ നിയമം വകുപ്പ് 66 പ്രകാരമുള്ള ഒരു പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ആ ആഫീസിലെ മാനന്തവാടി യൂണിറ്റ് ഇൻസ്പെക്ടറെ നിയോഗിച്ച് ഉത്തരവായിരിക്കുന്നു. അന്വേഷണ ഉദ്യോഗസ്ഥൻ പരിശോധന നടത്തി 7-3-2020-ന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ടിൽ സംഘം യാതൊരു പ്രവർത്തനങ്ങളും നടത്തുന്നില്ല എന്നും സംഘത്തിൽ അവസാനമായി തെരഞ്ഞെടുപ്പ് നടത്തിയത് 10-11-1999-ൽ ആണെന്നും അസീസ് പുനത്തിക്കണ്ടി മുതൽ പേരെ തെരഞ്ഞെടുക്കപ്പെട്ടിരുന്നുവെന്നും, ടി ഭരണ സമിതി അംഗങ്ങളുടെ പേർ മാത്രമാണ് ലഭ്യമായതെന്നും, മേൽ വിലാസം അറിയാത്തതിനാൽ ടിയാളുകൾക്ക് നോട്ടീസ് നൽകുവാൻ കഴിഞ്ഞില്ല എന്നും, സംഘത്തിന് ഭരണ സമിതിയോ ജീവനക്കാരോ ആഫീസോ ഇല്ല എന്നും നിലവിൽ യാതൊരു പ്രവർത്തനങ്ങളും നടത്തുന്നില്ല എന്നും സംഘത്തിൽ അവസാന ആഡിറ്റ് നടത്തിയത് 2008-09 വരെയാണെന്നും അത് പ്രകാരം ₹ 1,08,000 സർക്കാർ ഓഹരി ബാക്കി നിൽപ്പുണ്ട് എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സംഘത്തിൽ വൻ സാമ്പത്തിക ക്രമക്കേട് നടന്നതിനെ തുടർന്ന് സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടത്തുകയും സംഘത്തിന് വന്ന നഷ്ടം വകുപ്പ് 68(2) പ്രകാരം സർചാർജ്ജ് ചെയ്ത് റവന്യൂ റിക്കവറി ആയി ₹ 2,66,701 പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട് എന്നും പരിശോധനാ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇപ്പോൾ യാതൊരു പ്രവർത്തനവും ഇല്ലാത്ത ടി സംഘം പുനരുജ്ജീവിപ്പിക്കാൻ യാതൊരു സാധ്യതയും ഇല്ലാത്ത സാഹചര്യമാണ് ഉള്ളതെന്നും ആയതിനാൽ ടി സംഘം സമാപ്തീകരിക്കുന്നതാണ് ഉചിതമെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ടിന്റെ വെളിച്ചത്തിൽ വെള്ളമുണ്ട റബ്ബർ & അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡബ്ളിയു.144 സമാപ്തീകരണ നടപടികൾ സ്വീകരിക്കാവുന്നതാണെന്നും മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന (1) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്. സംഘം സമാപ്തീകരിക്കാൻ വല്ല ആക്ഷേപവും ഉണ്ടെങ്കിൽ ആയത് ബോധിപ്പിക്കുന്നതിന് ധനസഹായ ബാങ്കായ മുൻജില്ലാ സഹകരണ ബാങ്ക് (ഇപ്പോൾ കേരള സഹകരണ ബാങ്ക്) നോടും മാനന്തവാടി സർക്കിൾ സഹകരണ യൂണിയനോടും അഭിപ്രായം ആരാഞ്ഞ് കൊണ്ട് സൂചന (2) പ്രകാരം നോട്ടീസ് നൽകിയിട്ടുള്ളതും. എന്നാൽ ടി നോട്ടീസ് യാതൊരു മറുപടിയും ലഭ്യമായിട്ടില്ലാത്തതുമാണ്. മേൽ സാഹചര്യത്തിൽ താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ്**

1969-ലെ സഹകരണ നിയമം വകുപ്പ് 71(1) പ്രകാരം വെള്ളമുണ്ട റബ്ബർ & അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡബ്ളിയു. 144-ന്റെ പ്രവർത്തനം സമാപ്തീകരണ നടപടികൾ സ്വീകരിക്കുന്നതിന് സഹകരണ നിയമം 72 (1) പ്രകാരം മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ മാനന്തവാടി യൂണിറ്റ് ഇൻസ്പെക്ടറെ സംഘം ലിക്വിഡേറ്റർ ആയി നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ ചുമതല ഏൽക്കുന്ന കാലത്തെ സംഘത്തിന്റെ കടധനപ്പട്ടിക തയ്യാറാക്കേണ്ടതും സംഘത്തിലെ സകല മുതലുകളും റിക്കാർഡുകളും ഏറ്റെടുക്കേണ്ടതും ഏറ്റെടുത്ത മുതലുകളുടെയും റിക്കാർഡുകളും പട്ടികയുടെ ഒരു പകർപ്പ് ഈ ആഫീസിൽ സമർപ്പിക്കേണ്ടതും ലിക്വിഡേറ്റർ ഈ ഉത്തരവ് തീയതി മുതൽ 6 മാസത്തിനകം സമാപ്തീകരണ നടപടികൾ പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

(5)

നമ്പർ എ.ഇ.എൽ. 988/2020. 2020 ജൂലൈ 8.

വിഷയം:—സഹകരണ വകുപ്പ്—പള്ളിക്കുന്ന് ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡബ്ളിയു. 101—സമാപ്തീകരണ ഉത്തരവ് പുറപ്പെടുവിക്കുന്നത് —സംബന്ധിച്ച്.

സൂചന:—(1) മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 7-3-2020-ലെ പി/827/2017 (35) നമ്പർ കത്തും വകുപ്പ് 66 പ്രകാരമുള്ള റിപ്പോർട്ടും.

(2) ഈ ആഫീസിലെ 14-5-2020-ലെ ഇതേ നമ്പർ രജിസ്ട്രേഡ് നോട്ടീസുകൾ.

മാനന്തവാടി താലൂക്കിൽ പനമരം പഞ്ചായത്തിൽ പള്ളിക്കുന്ന് ആസ്ഥാനമായി രൂപീകൃതമായ പള്ളിക്കുന്ന് ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡബ്ളിയു. 101 നിരവധി വർഷങ്ങളായി പ്രവർത്തന രഹിതമായതിനെ തുടർന്ന് മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 25-9-2019-ലെ എം/827/2017 (35) നമ്പർ ഉത്തരവ് പ്രകാരം സഹകരണ നിയമം വകുപ്പ് 66 പ്രകാരമുള്ള ഒരു പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ആ ആഫീസിലെ പനമരം യൂണിറ്റ് ഇൻസ്പെക്ടറെ നിയോഗിച്ച് ഉത്തരവായിരിക്കുന്നു. യൂണിറ്റ് ഇൻസ്പെക്ടർ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ട് പ്രകാരം സംഘം യാതൊരു പ്രവർത്തനങ്ങളും നടത്തുന്നില്ല എന്നും സംഘത്തിൽ തെരഞ്ഞെടുപ്പ് നടത്തിയത് എന്നാണെന്നും അറിയില്ല എന്നും സംഘത്തിന് ആഫീസോ ജീവനക്കാരോ ഇല്ല എന്നും മാനന്തവാടി ആഡിറ്റ് അസി. രജിസ്ട്രാർ നൽകിയ കത്ത് പ്രകാരം സംഘത്തിൽ നാളിതുവരെ ആഡിറ്റ് നടത്തിയിട്ടില്ല എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അപ്രകാരം പ്രവർത്തിക്കാത്ത സംഘം പുനരുജ്ജീവിപ്പിക്കാൻ യാതൊരു സാധ്യതയും ഇല്ലാത്ത സാഹചര്യമാണ് ഉള്ളതെന്നും ആയതിനാൽ സംഘം സമാപ്തീകരിക്കുന്നതാണ് ഉചിതമെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട് ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പള്ളിക്കുന്ന് ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡബ്ളിയു. 101 സമാപ്തീകരണ നടപടികൾ സ്വീകരിക്കാവുന്നതാണെന്നും മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന (1) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ സംഘം സമാപ്തീകരിക്കാൻ വല്ല ആക്ഷേപവും ഉണ്ടെങ്കിൽ

ആയത് ബോധിപ്പിക്കുന്നതിന് ധനസഹായ ബാങ്കായ മുൻജില്ലാ സഹകരണ ബാങ്ക് (ഇപ്പോൾ കേരള സഹകരണ ബാങ്ക്) നോടും മാനന്തവാടി സർക്കിൾ സഹകരണ യൂണിയനോടും അഭിപ്രായം ആരാഞ്ഞ് കൊണ്ട് സൂചന (2) പ്രകാരം നോട്ടീസ് നൽകിയിരുന്നു. എന്നാൽ ടി നോട്ടീസ് യാതൊരു മറുപടിയും ലഭ്യമായിട്ടില്ലാത്തതുമാണ്. മേൽ സാഹചര്യത്തിൽ താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ്**

1969-ലെ സഹകരണ നിയമം വകുപ്പ് 71(1) പ്രകാരം പനമരം പള്ളിക്കുന്ന് ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡബ്ളിയു. 101-ന്റെ പ്രവർത്തനം സമാപ്തീകരണ നടപടികൾ സ്വീകരിക്കുന്നതിന് സഹകരണ നിയമം 72 (1) പ്രകാരം മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ പനമരം യൂണിറ്റ് ഇൻസ്പെക്ടറെ സംഘം ലിക്വിഡേറ്റർ ആയി നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ ചുമതല ഏൽക്കുന്ന കാലത്തെ സംഘത്തിന്റെ കടധനപ്പട്ടിക തയ്യാറാക്കേണ്ടതും, സംഘത്തിലെ സകല മുതലുകളും റിക്കാർഡുകളും ഏറ്റെടുക്കേണ്ടതും ഏറ്റെടുത്ത മുതലുകളുടെയും റിക്കാർഡുകളും പട്ടികയുടെ ഒരു പകർപ്പ് ഈ ആഫീസിൽ സമർപ്പിക്കേണ്ടതും ലിക്വിഡേറ്റർ ഈ ഉത്തരവ് തീയതി മുതൽ 6 മാസത്തിനകം സമാപ്തീകരണ നടപടികൾ പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

സഹകരണസംഘം
ജോയിന്റ് രജിസ്ട്രാർ
(ജനറൽ) ആഫീസ്,
വയനാട്.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).